2024
MARCH
08
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കേന്ദ്രസർക്കാർ ജീവനക്കാരുടെ ഡിഎ വർധിപ്പിച്ചു



**ന്യൂഡൽഹി:** കേന്ദ്ര സർക്കാർ ജീവനക്കാരുടെ ഡിഎ 4 ശതമാനം വർധിപ്പിച്ചു. കേന്ദ്ര മന്ത്രിസഭാ യോഗത്തിന്റേതാണ് തീരുമാനം. ഇതോടെ ഡിഎ അടിസ്ഥാന ശമ്പളത്തിന്റെ അമ്പത് ശതമാനമായി ഉയർന്നു. വിലക്കയറ്റം പരിഗണിച്ചാണ് കേന്ദ്രം ഡിഎയിൽ വർധന കൊണ്ടുവന്നിരിക്കുന്നത്. 2024 ജനുവരി 1 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് വർധന നടപ്പാക്കുന്നത്.

പെൻഷൻകാർക്കുള്ള ഡിആറും നാലുശതമാനം വർധിപ്പിച്ചു. ഇതോടെ പ്രതിവർഷം 12,868.72 കോടി രൂപ ഡിഎയ്ക്കും ഡിആറിനുമായി നീക്കിവയ്?ക്കേണ്ടി വരും. 49.18 ലക്ഷം കേന്ദ്ര ജീവനക്കാർക്കും 67.95 ലക്ഷം പെൻഷൻകാർക്കും ഇതിന്റെ ആനുകൂല്യം ലഭിക്കും.

ഡിഎയ്ക്കൊപ്പം ഗതാഗത അലവൻസ്, കാൻറീൻ അലവൻസ്, ഡെപ്യൂട്ടേഷൻ അലവൻസ്, എന്നിവ 25 ശതമാനം വർധിപ്പിച്ചു. ഭവന വാടക അലവൻസ് അടിസ്ഥാന ശമ്പളത്തിന്റെ 27 ശതമാനം, 19 ശതമാനം, 9 ശതമാനം എന്നിവയിൽ നിന്ന് യഥാക്രമം 30 ശതമാനം, 20 ശതമാനം, 10 ശതമാനം ആയി ഉയർത്തിയിട്ടുണ്ട്.

പ്രധാനമന്ത്രി ഉജ്വല യോജനയ്ക്ക് കീഴിലെ ഗുണഭോക്താക്കൾക്കുള്ള പാചക വാതക സബ്സിഡി ഒരു വർഷത്തേക്ക് കൂടി തുടരാനും കേന്ദ്രം തീരുമാനിച്ചു. ഇതുപ്രകാരം 14.2 കിലോ എൽപിജി സിലിണ്ടറിന് 300 രൂപ സബ്സിഡി ഒരു വർഷത്തേക്ക് തുടരും. പത്തുകോടി കുടുംബങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. സർക്കാരിന് 12,000 കോടിയുടെ ചെലവ് വരും.

## റഷ്യൻ യുദ്ധമുഖത്ത് യുവാക്കൾ

# തിരുവനന്തപുരം അടക്കം ഏഴ് നഗരങ്ങളിൽ സിബിഐ റെയ്ഡ്

### 50 ലക്ഷം രൂപയും രേഖകളും ലാപ്ടോപ്പ്, മൊബൈൽ എന്നിവയും ഇതുവരെയുള്ള പരിശോധനയിൽ പിടിച്ചെടുത്തു



**തിരുവനന്തപുരം:** തിരുവനന്തപുരം അടക്കമുള്ള ഏഴ് നഗരങ്ങളിൽ റെയ്ഡുമായി സിബിഐ. ഡൽഹി, മുംബൈ, തിരുവനന്തപുരം, അമ്പാല, മധുര, ചെന്നൈ, ചണ്ഡിഗഡ് എന്നിവടങ്ങളിലാണു പരിശോധന. റഷ്യൻ യുദ്ധമേഖലകളിലടക്കം യുവാക്കളെ അയച്ച സ്ഥാപനങ്ങളിലാണു പരിശോധന തുടരുന്നത്. 35 ഓളം പേരെ വിദേശത്തേക്ക് അയച്ചതായാണു കണ്ടെത്തൽ.

വിവിധ വിസ കൺസൾട്ടൻസി സ്ഥാപനങ്ങൾക്കും ഏജന്റുമാർക്കുമെതിരെ കേസെടുത്തു. മികച്ച ജോലികൾ ലഭ്യമാകുമെന്നു വാഗ്ദാനം ചെയ്തു റഷ്യ യുക്രെൻ യുദ്ധ മേഖലയിലേക്കു യുവാക്കളെ അയച്ചെന്നതാണ് ഇവർക്കെതിരായ ആരോപണം. 50 ലക്ഷം രൂപയും രേഖകളും ലാപ്ടോപ്പ്, മൊബൈൽ എന്നിവയും ഇതുവരെയുള്ള പരിശോധനയിൽ പിടിച്ചെടുത്തു. പ്രതികളെന്നു സംശയിക്കുന്നവരെ വിവിധയിടങ്ങളിലായി ചോദ്യം ചെയ്യുകയാണ്. റഷ്യയിൽ കുടുങ്ങി യുക്രെയ്ന് എതിരെ യുദ്ധം ചെയ്യാൻ നിർബന്ധിതനായ ഹൈദരാബാദ് സ്വദേശി മുഹമ്മദ് അസ്!ഫാൻ (30) എന്നയാൾ കൊല്ലപ്പെട്ടതായി ഇന്നലെ സ്ഥിരീകരണം ലഭിച്ചിരുന്നു. ഇതിനു പിന്നാലെയാണു വിവിധയിടങ്ങളിൽ സിബിഐ റെയ്!ഡ് നടത്തുന്നത്.

അസ്ഫാനെ റഷ്യയിൽനിന്നു തിരികെ നാട്ടിലെത്തിക്കണമെന്ന് ആവശ്യപ്പെട്ട് കുടുംബം ഹൈദരാബാദ് എംപി അസദുദ്ദീൻ ഉവൈസിയെ കണ്ടിരുന്നു. തുടർന്ന് മോസ്കോയിലെ ഇന്ത്യൻ എംബസിയുമായി എംപി ബന്ധപ്പെട്ടപ്പോളാണ് മരണവിവരം അറിഞ്ഞത്.

റഷ്യൻ യുദ്ധമുഖത്തു നിരവധി ഇന്ത്യക്കാർ കുടുങ്ങിയതായും ഇവരെ തിരിച്ചെത്തിക്കാൻ ചർച്ചകൾ തുടരുകയാണെന്നും ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം നേരത്തേ അറിയിച്ചിരുന്നു.

ഉയർന്ന ശമ്പളമുള്ള ജോലികൾ പ്രതീക്ഷിച്ച് റഷ്യയിൽ എത്തിയവരാണു യുക്രെയ്ന് എതിരെ യുദ്ധം ചെയ്യാൻ നിർബന്ധിതരായത്.



## സ്വർണവില സർവകാല റെക്കോർഡിൽ; 48,000 കടക്കുന്നത് ഇത് ആദ്യം

**കൊച്ചി:** സംസ്ഥാനത്ത് സ്വർണവിലയിൽ കുതിപ്പ്. ഇന്ന് 320 രൂപയുടെ വർധനവാണ് രേഖപ്പെടുത്തിയത്. ഇതോടെ സംസ്ഥാനത്ത് ആദ്യമായി സ്വർണവില 48,000 കടന്നു. ഗ്രാമിന് 40 രൂപ വർധിച്ച് 6010 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില. 48,080 രൂപയാണ് ഒരു പവൻ സ്വർണത്തിന്.

ഫെബ്രുവരിയിൽ സ്വർണവില 45,520 രൂപയായി താഴ്ന്നിരുന്നു. കഴിഞ്ഞ 20 ദിവസത്തിനിടെ 2500 രൂപയുടെ വർധനവാണ് രേഖപെടുത്തിയത്. ചൊവ്വാഴ്ച 47,560 രൂപ ഉയർന്ന് സർവകാല റെക്കോർഡ് രേഖപെടുത്തിയെങ്കിലും ഇന്നലെ 48,080 രൂപയിലെത്തി ആ റെക്കോർഡ് മറികടക്കുകയായിരുന്നു.

## ബ്രഹ്മപുരം മാലിന്യപ്ലാന്റ് സന്ദർശിച്ച് ഹൈക്കോടതി ജഡ്ജിമാർ: സുരക്ഷാ കാര്യങ്ങൾ വിലയിരുത്തി



**കൊച്ചി:** ബ്രഹ്മപുരം മാലിന്യപ്ലാന്റ് ഹൈക്കോടതി ജഡ്ജിമാർ സന്ദർശിച്ചു. ജസ്റ്റിസുമാരായ ബെച്ചു കുര്യൻ തോമസ്,പി. ഗോപിനാഥ് എന്നിവരാണ് ഇന്നു പ്ലാന്റിൽ പരിശോധന നടത്തിയത്. മാലിന്യ സംസ്കരണം, സുരക്ഷാ കാര്യങ്ങൾ തുടങ്ങിയവയും ജ!ഡ്ജിമാരുടെ സംഘം വിലയിരുത്തി. ബ്രഹ്മപുരത്തെ ബിപിസിഎൽ മാലിന്യ പ്ലാന്റിന്റെ നിർമാണ പുരോഗതിയും ജഡ്ജിമാർ വിലയിരുത്തി.

കഴിഞ്ഞ വർഷം മാർച്ച് മൂന്നിനായിരുന്നു ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ തീപിടുത്തം ഉണ്ടായത്. രണ്ടാഴ്ചയ്ക്കു ശേഷമാണു തീ പൂർണമായി അണയ്ക്കാൻ സാധിച്ചത്. അതിനെ തുടർന്നു ഹൈക്കോടതി സ്വമേധയാ കേസെടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ട കേസ് മാർച്ച് 16 നു കോടതി വീണ്ടും പരിഗണിക്കുന്നുണ്ട്. തീപിടുത്തം വീണ്ടുമുണ്ടാകാതിരിക്കാൻ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി കഴിഞ്ഞ ദിവസം മന്ത്രിമാരായ പി.രാജീവ്, എം.ബി.രാജേഷ് എന്നിവർ വിലയിരുത്തിയിരുന്നു. പ്ലാന്റിൽ തീപിടുത്തമുണ്ടാകുന്നതിന്റെ മോക്ഡ്രിൽ ബ്രഹ്മപുരത്ത് നടത്തിയിരുന്നു.






കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കോതാട് യൂണിറ്റ് അംഗം കിരണിന്റെ വ്യാപാര സ്ഥാപനത്തിൽ ആക്രമണം നത്തിയ പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെവിവിഇഎസ് കോതാട് യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രതിഷേധ യോഗം യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ് ഉദ്ഘാടനം ചെയ്യുന്നു

# കോതാട് കടയ്ക്ക് നേരേ ആക്രമണം: കെവിവിഇഎസ് പ്രതിഷേധം സംഘടിപ്പിച്ചു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കോതാട് യൂണിറ്റ് അംഗം കിരണിന്റെ വ്യാപാര സ്ഥാപനത്തിൽ ആക്രമണം നത്തിയ പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് വ്യാപാരി വ്യവസായി കോതാട് യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രതിഷേധ യോഗം നടത്തി. കോതാട് പള്ളിക്കു സമീപം നടന്ന പ്രതിഷേധ സമ്മേളനം യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ് ഉദ്ഘാടനം ചെയ്തു. വ്യാപാരസ്ഥാപനങ്ങൾക്കു നേരെ നടക്കുന്ന അക്രമങ്ങൾ അംഗീകരിക്കാൻ കഴിയില്ലെന്നും അക്രമികളെ ഉടൻ അറസ്റ്റു ചെയ്യണമെന്നും പ്രദീപ് ജോസ് ആവശ്യപ്പെട്ടു. കോതാട് യൂണിറ്റ് പ്രസിഡന്റ് ഒ.ആർ രാജു അധ്യക്ഷത വഹിച്ചു.ചേരാനെല്ലൂർ യൂണിറ്റ് പ്രസിഡന്റ് അബ്ദുൾ ഷുക്കൂർ, ടി ജെ ബിനു, പി എ സന്തോഷ്, പ്രദീപ്കുമാർ, ടി എ സന്തോഷ്, വി കെ അൻസാരി, അനൂപ് ചേരാനെല്ലൂർ, ശശിധരൻ ചേരാനെല്ലൂർ തുടങ്ങിയവർ സംസാരിച്ചു.

# പിഎൻബിയും ഈസ്മൈട്രിപ്പും ചേർന്ന് പിഎൻബി ഇഎംടി ക്രെഡിറ്റ് കാർഡ് അവതരിപ്പിക്കുന്നു

**ന്യൂഡൽഹി:** ഇന്ത്യയിലെ പ്രമുഖ പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷനൽ ബാങ്കും (പിഎൻബി) ഇന്ത്യയിലെ ഏറ്റവും വലിയ ഓൺലൈൻ യാത്രാ ടെക് പ്ലാറ്റ്ഫോമുകളിൽ ഒന്നായ ഈസ്മൈട്രിപ്പും ചേർന്ന് 'പിഎൻബി ഇഎംടി ക്രെഡിറ്റ് കാർഡ്' അവതരിപ്പിക്കുന്നു. യാത്രകളെ സ്നേഹിക്കുന്ന ഇന്ത്യക്കാർക്ക് നിരവധി ആനുകൂല്യങ്ങളും വൈവിധ്യമാർന്ന റിവാർഡുകളുമാണ് ഈ ക്രെഡിറ്റ് കാർഡ് വഴി ലഭിക്കുക. യാത്ര ചെയ്യുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ ഹോട്ടൽ റൂം ബുക്കിംഗ്, ഫ്ലൈറ്റ് ബുക്കിംഗ് തുടങ്ങിയ വിവിധ പേയ്മെന്റുകൾ നടത്തുമ്പോൾ റിവാർഡുകൾ നേടാനും പണം ലാഭിക്കാനും ഈ കാർഡ് സഹായിക്കും. ഈ പവർ പാക്ക്ഡ്, കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡ്, പ്രീമിയം ഉപഭോക്താക്കൾക്കും സാധാരണ ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനം ചെയ്യുന്ന വിധത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്.

ഉപഭോക്താക്കൾക്ക് ീയശിൃലമ.ശി, ലമലൊ്യ്യേശു.രീാ എന്നീ വെബ്സൈറ്റുകളിലോ പിഎൻബി വൺ ആപ്പിലോ ലോഗിൻ ചെയ്ത് ക്രെഡിറ്റ് കാർഡിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ മനസ്സിലാക്കുകയും സ്വന്തമാക്കുകയും ചെയ്യാം. കാർഡ് ഉപയോഗത്തിന് വിവിധ തരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനൊപ്പം കോൺടാക്റ്റ് രഹിത പേയ്മെന്റുകൾ നടത്താനും ഇത് ഉപയോഗിക്കാനാകും. ഫ്ലൈറ്റ് നിരക്കുകൾ, ഹോട്ടൽ ബുക്കിംഗ്, ഹോളിഡേ പാക്കേജുകൾ തുടങ്ങിയ വിവിധ വിഭാഗങ്ങളിൽ നിരവധി റിവാർഡുകൾ ഉപഭോക്താക്കൾക്ക് ഇതുവഴി സ്വന്തമാക്കാം. കാർഡിൽ അടങ്ങിയിട്ടുള്ള വാലറ്റ് ഉപയോഗിച്ച് എളുപ്പത്തിൽ കോൺടാക്റ്റ് രഹിത പേയ്മെന്റുകൾ നടത്തുകയും ചെയ്യാം. കൂടുതൽ സുരക്ഷ ഉറപ്പാക്കുന്നതിനായി എൻക്രിപ്ഷൻ ഉപയോഗിച്ചാണ് വാലറ്റ് പ്രവർത്തിക്കുന്നത്. അതിനാൽ വ്യാപാരിയുടെ പിഒഎസ് മെഷീനിലേക്ക് കാർഡ് വിവരങ്ങൾ കൈമാറുന്നതിന് മുമ്പ് അത് എൻക്രിപ്റ്റ് ചെയ്യുന്നു. ഇതുവഴി മറ്റാർക്കും നിങ്ങളുടെ കാർഡ് വിവരങ്ങൾ മനസ്സിലാക്കാനാകില്ല.

'നൂതനമായ ഉൽപ്പന്നങ്ങളും സേവനങ്ങളുമാണ് ഞങ്ങളുടെ വിജയത്തിന്റെ രഹസ്യം, അതിന്റെ ഫലമായി ഉപഭോക്താക്കളുടെ മാറിവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന തരത്തിൽ തനതായ മൂല്യം നൽകുന്ന രീതിയിലുള്ള പങ്കാളിത്ത മാതൃകകൾ ഞങ്ങൾ വികസിപ്പി




ക്കുന്നു. യാത്രാ സംബന്ധമായ ചെലവുകളിൽ, താരതമ്യം ചെയ്യാനാകാത്ത തരത്തിലുള്ള ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നതിനുള്ള ഞങ്ങളുടെ പ്രതിജ്ഞാബദ്ധതയാണ് ഈസ് മൈ ട്രിപ്പുമായുള്ള പങ്കാളിത്തത്തിലൂടെ വെളിവാകുന്നത്. ഈ പുതിയ വാഗ്ദാനം ഞങ്ങളുടെ ഉപഭോക്താക്കൾക്ക് സുപ്രധാനമായ മൂല്യം നൽകുമെന്നും സമാനതകളില്ലാത്ത യാത്രാനുഭവം അവർക്ക് സമ്മാനിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു,' എന്ന് പിഎൻബി എംഡിയും സിഇഒയുമായ അതുൽ കുമാർ ഗോയൽ പറഞ്ഞു.

'പഞ്ചാബ് നാഷനൽ ബാങ്കുമായുള്ള സഹകരണത്തോടെ 'പിഎൻബി ഇഎംടി ക്രെഡിറ്റ് കാർഡ്' പുറത്തിറക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ഞങ്ങളുടെ ഉപഭോക്താക്കൾക്ക് തടസ്സരഹിതവും പ്രയോജനപ്രദവുമായ റിവാർഡുകൾ നൽകാൻ ലക്ഷ്യമിട്ടുള്ള വ്യത്യസ്തമായ കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡാണ് ഇത്. നൂതനമായ ആശയങ്ങൾ അവതരിപ്പിക്കുന്നതിനും ഉപഭോക്താക്കളുടെ സംതൃപ്തി ഉറപ്പാക്കുന്നതിനുമുള്ള ഞങ്ങളുടെ പ്രതിബദ്ധതയുടെ തെളിവാണ് ഈ സഹകരണം. ഫ്ലൈറ്റ്, ഹോട്ടൽ, ഹോളിഡേ പാക്കേജുകൾ എന്നിവയുടെ ബുക്കിംഗിൽ എക്സ്ക്ലൂസീവ് ആനുകൂല്യങ്ങൾ നൽകുന്നതിനോടൊപ്പം സുരക്ഷിതവും തടസ്സരഹിതവും കോൺടാക്റ്റ് രഹിതവുമായ പേയ്മെന്റ് ഓപ്ഷൻ കൂടി നൽകുന്ന ഈ ക്രെഡിറ്റ് കാർഡിലൂടെ, ഞങ്ങളുടെ ഉപഭോക്താക്കളുടെ യാത്രാനുഭവം പുനർനിർവ്വചിക്കാൻ പോകുകയാണ് എന്നതിൽ ഞങ്ങൾ ആവേശത്തിലാണ്. ഉപയോക്താക്കളുടെ യാത്രകൾ അവിസ്മരണീയമാക്കുന്നതിലൂടെ അവർക്ക് സമാനതകളില്ലാത്ത മൂല്യം നൽകുന്നതിനുള്ള ഞങ്ങളുടെ പ്രതിജ്ഞാബദ്ധതയാണ് ഈ പങ്കാളിത്തത്തിലൂടെ പ്രതിഫലിക്കുന്നത്,' എന്ന് ഈസ്മൈട്രിപ്പിന്റെ സിഇഒ ശ്രീ നിഷാന്ത് പിത്തി പറഞ്ഞു.




ലഹരിക്കെതിരെ കേരള പോലിസും കുമ്പളം കെഎംഎം കോളജും സംയുക്തമായി സംഘടിപ്പിച്ച ബോധവൽക്കരണ ക്ലാസിന് നേതൃത്വം നൽകിയ പാലാരിവട്ടം എസ് ഐ പരീത് കെ കുറ്റിക്കാട്ടിലിന് കെഎംഎം കോളജ് പ്രിൻസിപ്പാൾ നിഷ ശ്രീകുമാർ മെമന്റോ സമ്മാനിക്കുന്നു. വൈസ് പ്രിൻസിപ്പൽ ജാഫർ ജബ്ബാർ സമീപം

# ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

**കൊച്ചി:** ലഹരിക്കെതിരെ കേരള പോലിസും കുമ്പളം കെഎംഎം കോളജും സംയുക്തമായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.കേരള പോലിസിന്റെ ലഹരി വിമുക്ത ക്യാംപയിനായ ഉണർവ്വിന്റ ഭാഗമായിട്ടായിരുന്നു ബോധവൽക്കരണ ക്ലാസ്. കെഎംഎം കോളേജ് മാനേജർ ഡോ.ബെൻസീർ ഹുസൈൻ ക്ലാസ് ഉദ്ഘാടനം ചെയ്തു. പാലാരിവട്ടം എസ് ഐ പരീത് കെ കുറ്റിക്കാട്ടിൽ ബോധവൽക്കരണ ക്ലാസിന് നേതൃത്വം നൽകി.

കോളജ് പ്രിൻസിപ്പാൾ നിഷ ശ്രീകുമാർ, വൈസ് പ്രിൻസിപ്പൽ ജാഫർ ജബ്ബാർ തുടങ്ങിയവർ സംസാരിച്ചു.

# ഗ്രോത്ത് പൾസ് നിലവിലുള്ള സംരംഭകർക്കുള്ള പരിശീലനം

**കൊച്ചി:** പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിൻറെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് , 5 ദിവസത്തെ ഗ്രോത്ത് പൾസ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

മാർച്ച് 12 മുതൽ 16 വരെ കളമശ്ശേരിയിലുള്ള കീഡ് ക്യാമ്പസിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. നിലവിൽ സംരംഭം തുടങ്ങി 5 വർഷത്തിൽ താഴെ പ്രവൃത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം.

മാർക്കറ്റിംഗ് സ്ട്രാറ്റജീസ്, ഫിനാൻഷ്യൽ മാനേജ്മെന്റ്, ജി എസ് ടി ആൻറ് ടാക്സേഷൻ, ഓപ്പറേഷണൽ എക്സലൻസ്, സെയിൽസ് പ്രോസസ് ആൻറ് ടീം മാനേജ്മെന്റ് തുടങ്ങി നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 3,540/ രൂപയാണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ് ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,500/ രൂപയാണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്.

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് 2,000 രൂപ താമസം ഉൾപ്പെടെയും 1,000 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്.

താത്പര്യമുള്ളവർ കീഡിന്റെ വെബ്ബൈറ്റ് ആയ www.kied.infot/raining-calender/ ൽ ഓൺലൈനായി മാർച്ച് 10 ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/2550322/9188922800.

# നെടുമ്പാശേരിയിൽ നിന്നും വേനൽക്കാല വിമാന സമയക്രമം പ്രഖ്യാപിച്ചു

## ▪ലണ്ടൻ, മാലി, ബാങ്കോക്ക് അധിക സർവീസുകൾ ▪ കോഴിക്കോട്ടേയ്ക്ക് പുതിയ സർവീസ്

**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് നെടുമ്പാശേരിയിൽ നിന്നും വേനൽക്കാല വിമാന സർവീസ് സമയവിവര പട്ടിക പ്രഖ്യാപിച്ചു. 2024 മാർച്ച് 31 മുതൽ ഒക്ടോബർ 26 വരെയാണ് പ്രാബല്യം. ഇപ്പോൾ നിലവിലുള്ള ശീതകാല പട്ടികയിൽ ആകെ 1330 സർവീസുകളാണുള്ളത്. പുതിയ വേനൽക്കാല പട്ടികയിൽ 1628 പ്രതിവാര സർവീസുകളായി. രാജ്യാന്തര സെക്ടറിൽ ഇരുപത്തിയാറും ആഭ്യന്തര സെക്ടറിൽ എട്ടും എയർലൈനുകളാണ് സിയാലിൽ സർവീസ് നടത്തുന്നത്. രാജ്യാന്തര സെക്ടറിൽ ഏറ്റവും അധികം സർവീസുള്ളത് അബുദാബിയിലേക്കാണ് 66 പ്രതിവാര സർവീസുകൾ. ദോഹയിലേക്ക് 46 സർവീസുകളും ദുബായിലേക്ക് 45 സർവീസുകളാണ് കൊച്ചിയിൽ നിന്നുള്ളത്. തായ് എയർവേയ്സ് ബാങ്കോക്ക് സുവർണ്ണഭൂമി വിമാനത്താവളത്തിലേക്ക് ത്രിവാര പ്രീമിയം സർവീസുകൾ ആരംഭിക്കുന്നു. അതോടൊപ്പം തായ് ലയൺ എയർ ബാങ്കോക്ക് ഡോൺ മ്യുങ് വിമാനത്താവളത്തിലേക്ക് പ്രതിദിന സർവീസുകളും ആരംഭിക്കും.

നിലവിലുള്ള തായ് എയർ ഏഷ്യ പ്രതിദിന സർവീസുകൾക്ക് പുറമെയാണിത്. അബുദാബി, റിയാദ്, ജിദ്ദ എന്നിവിടങ്ങളിലേക്ക് പ്രതിദിന വിമാന സർവീസുകളുമായി ആകാശ എയർ അന്താരാഷ്ട്ര സെക്ടറിൽ പ്രവർത്തനം തുടങ്ങുന്നു. ഇത്തിഹാദ് അബുദാബിയിലേക്ക് ആഴ്ചയിൽ 7 അധിക വിമാനങ്ങളും എയർ ഏഷ്യ ബെർഹാദ് കോലാലംപൂരിലേക്ക് ആഴ്ചയിൽ 5 സർവീസുകളും നടത്തും. ഇൻഡിഗോ ദോഹയിലേക്കും സ്പൈസ്ജെറ്റ് മാലിയിലേക്കും അധിക പ്രതിദിന സർവീസുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ലണ്ടനിലെ ഗാറ്റ്വിക്കിലേക്ക് ഇപ്പോഴുള്ള ചൊവ്വ, വ്യാഴം, ശനി ത്രിവാര സർവീസുകൾക്ക് പുറമെ എയർ ഇന്ത്യ ആഴ്ചയിൽ ഒരു അധിക സർവീസ് കൂടി തുടങ്ങും. ജസീറ എയർവേയ്സും സൗദിയയും യഥാക്രമം കുവൈറ്റിലേക്കും ജിദ്ദയിലേക്കും 2 അധിക പ്രതിവാര വിമാനസർവീസുകൾ ആരംഭിക്കും. ലക്ഷദ്വീപിൽ സമീപകാലത്തുണ്ടായ വിനോദസഞ്ചാര വികസനം കണക്കിലെടുത്ത് കൊച്ചിയിൽ നിന്ന് അഗത്തിയിലേക്ക് കൂടുതൽ സർവീസുകൾ ഒരുങ്ങുന്നു. നിലവിലുള്ള ശൈത്യകാല സമയക്രമ പ്രകാരം, അഗത്തിയിലേക്ക് അലയൻസ് എയറിൻറെ 10 സർവീസുകളാണുള്ളത്. വേനൽക്കാല സമയക്രമം അനുസരിച്ച് ഇത് 16 ആയി ഉയരും. ഇൻഡിഗോ അഗത്തിയിലേക്ക് പ്രതിദിന വിമാന സർവീസുകൾ ആരംഭിക്കുന്നതോടെയാണിത്. എയർ ഇന്ത്യ എക്സ്പ്രസ് ഹൈദരാബാദിലേക്ക് ദിവസേന 2 അധിക വിമാന ഓപ്പറേഷനുകൾ തുടങ്ങും. ആകാശ എയർ, വിസ്താര എന്നിവ ബാംഗ്ലൂരിലേക്ക് ദിവസേന അധിക സർവീസുകൾ നടത്തും. നിലവിൽ ബാംഗ്ലൂരിലേക്ക് പ്രതിവാരം 87 സർവീസുകലുണ്ട്. ഇൻഡിഗോ, എയർ ഇന്ത്യ എക്സ്പ്രസ്, ആകാശ എയർ എന്നിവ പ്രതിവാരം 14 അധിക സർവീസുകൾ തുടങ്ങും. ഇതോടെ കൊച്ചിബാംഗ്ലൂർ സെക്ടറിൽ പ്രതിദിനം ശരാശരി 16 വിമാന സർവീസുകളാവും. കൂടാതെ, കൊച്ചിയിൽ നിന്ന് പുതിയ ആഭ്യന്തര സെക്ടറായ കോഴിക്കോടേക്ക് പ്രതിദിനസർവീസുകൾ ഇൻഡിഗോ ആരംഭിക്കുന്നു. കോഴിക്കോട് നിന്ന് രാവിലെ 8:30 ന് പുറപ്പെട്ട് 9:30 ന് കൊച്ചിയിലെത്തിച്ചേരും. മടക്കവിമാനം ഉച്ചക്ക് 1:35 ന് പുറപ്പെട്ട് 2:35 ന് കോഴിക്കോട് എത്തിച്ചേരും.



ആഭ്യന്തര പ്രതിവാര വിമാനസർവീസുകളിൽ ബാംഗ്ലൂരിലേക്ക് 122, ഡൽഹിയിലേക്ക് 71, മുംബൈയിലേക്ക് 68, ഹൈദരാബാദിലേക്ക് 61, ചെന്നൈയിലേക്ക് 49, അഗത്തിയിലേക്ക് 16, അഹമ്മദാബാദ്, ഗോവ, കണ്ണൂർ, കൊൽക്കത്ത, പൂനെ, തിരുവനന്തപുരം എന്നിവിടങ്ങളിലേക്ക് 7 സർവീസുകൾ വീതവും സേലത്തേക്ക് 5 പ്രതിവാര സർവീസുകളും ഉണ്ടായിരിക്കും.

അന്താരാഷ്ട്ര ട്രാഫിക്കിന്റെ കാര്യത്തിൽ രാജ്യത്തെ നാലാമത്തെ വലിയ വിമാനത്താവളമാണ് സിയാൽ. കലണ്ടർ വർഷം 1 കോടി യാത്രക്കാരെ കൈകാര്യം ചെയ്യുന്ന കേരളത്തിലെ ഏക വിമാനത്താവളവുമാണ് സിയാൽ. അത് കൊണ്ട് തന്നെ, ഇന്ത്യൻ വ്യോമയാന മേഖലയുടെ വികസനങ്ങൾക്കൊപ്പം മുന്നേറാനും നവീകരിക്കാനുമുള്ള ശ്രമങ്ങളാണ് സിയാൽ നടത്തി വരുന്നതെന്ന് സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ്പറഞ്ഞു.പുതിയ റൂട്ടുകൾ ആരംഭിച്ചും, നിലവിലെ രാജ്യാന്തര ആഭ്യന്തര വിമാന സർവീസുകളുടെ എണ്ണം വർധിപ്പിച്ചും യാത്രക്കാരുടെ സൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ് സിയാലിന്റെ ലക്ഷ്യം.

തിരക്കേറിയ ആഭ്യന്തര റൂട്ടുകളിലേക്കും വിവിധ ഗൾഫ് നഗരങ്ങളിലേക്കും അധിക സർവീസുകൾ തുടങ്ങാൻ ധാരണയായിട്ടുണ്ട്. വ്യോമേതര മാർഗങ്ങളിൽ കൂടിയും വിമാനത്താവളത്തിന്റെ വികസനം സാധ്യമാക്കാനുള്ള സജീവ ശ്രമങ്ങളും സിയാൽ ആവിഷ്കരിക്കുകയും നടപ്പിലാക്കി വരികയുമാണ്. വ്യോമയാന മേഖലയിൽ ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ട ഒരു ഹബ്ബായി മാറാനുള്ള സിയാലിന്റെ ശ്രമങ്ങൾ ഇതിലൂടെ ശക്തിപ്പെടും എന്നാണ് ഞങ്ങളുടെ പ്രതീക്ഷയെന്നും സുഹാസ് പറഞ്ഞു.

പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യത്തെ വിമാനത്താവളമായ സിയാൽ, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡുമായി (ബി.പി.സി.എൽ) സഹകരിച്ച് ഗ്രീൻ ഹൈഡ്രജൻ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു സംരംഭത്തിന് കൂടി തുടക്കമിട്ടു കഴിഞ്ഞു. ഈ ഉദ്യമത്തിൽ ഏർപ്പെടുന്ന ലോകത്തിലെ ആദ്യത്തെ വിമാനത്താവളം എന്ന വിശേഷണം കൂടി സിയാൽ സ്വന്തമാക്കി.




# ഫോൺ 2എ സ്മാർട്ട്ഫോണുമായി നത്തിംഗ്

**കൊച്ചി:** ബ്രിട്ടീഷ് ഇലക്ട്രോണിക്സ് കമ്പനിയായ നത്തിംഗ് പുതിയ സ്മാർട്ട്ഫോൺ 2എ പുറത്തിറക്കി. ഉപഭോക്തൃ ആവശ്യങ്ങളെല്ലാം പരിഗണിച്ച് തയ്യാറാക്കിയ ഫോൺ തനത് പ്രോസസർ, അസാധാരണ 50 എംപി ഡ്യുവൽ പിൻ ക്യാമറ, എക്സ്ട്രാ ബ്രൈറ്റ് ഫ്ലെക്സിബിൾ അമോലെഡ് ഡിസ്പ്ലേ എന്നിവ ഉൾപ്പെടുന്നതാണ്. മികച്ച വേഗവും കൃത്യതയും വ്യക്തതയും കാര്യക്ഷമതയും ഊർജ്ജശേഷിയും വാഗ്ദാനം ചെയ്യുന്നു.

ഫോൺ 2എ മൂന്ന് മോഡലുകളിലായാണ് വിപണിയിലെത്തുന്നത്. 8ജിബി /128ജിബിക്കു 23,999രൂപ, 8ജിബി/ 256ജിബിക്കു 25,999രൂപ, 12ജിബി/ 256ജിബി ക്കു 27,99 എന്നിങ്ങനെയാണ് വില. നിബന്ധനകൾക്ക് വിധേയമായി പ്രത്യേക ആനുകൂല്യങ്ങളും ലഭിക്കും. സ്മാർട്ട് ഫോണിന് പുറമെ നത്തിംഗ് സബ് ബ്രാൻഡായ സിഎംഎഫിനു കീഴിൽ ബഡ്സും നെക്ക്ബാൻഡ് പ്രോയും പുറത്തിറക്കുന്നുണ്ട്. ആദ്യത്തെ 50 ഡിബി ഹൈബ്രിഡ് എഎൻസി ഉപകരണമാണ് നെക്ക്ബാൻഡ് പ്രോ. മികവുറ്റ ശബ്ദ നിലവാരം ഉറപ്പു നൽകുന്നതാണ് ഉത്പന്നങ്ങൾ. ബഡ്സിൻറെ പ്രാരംഭ വില 2,299 രൂപയാണ്. നെക്ക്ബാൻഡ് പ്രോയ്ക്ക് 1,799 രൂപയാണ് പ്രാരംഭ വില. നത്തിംഗ് ബഡ്സ് മാർച്ച് 8 മുതലും നെക്ക്ബാൻഡ് പ്രോ മാർച്ച് 11 മുതലും വിൽപ്പന ആരംഭിക്കും. രണ്ട് ഉൽപ്പന്നങ്ങളും ഫ്ലിപ്പ്കാർട്ട്, മിന്ത്ര, ക്രോമ, വിജയ് സെയിൽസ് എന്നിവ മുഖേന ലഭ്യമാകും. വലിയ ചുവടുവയ്പ്പായ ഫോൺ 2 എ പരമാവധി ഉപഭോക്തൃ സംതൃപ്തി ഉറപ്പാക്കുന്നതാണെന്നു നത്തിംഗ് സിഇഒയും സഹസ്ഥാപകനുമായ കാൾ പെയ് പറഞ്ഞു.

# ഐസിഎസ്ഐ വനിതാദിനാഘോഷം

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറിമാരുടെ കൊച്ചി ചാപ്റ്റർ അന്താരാഷ്ട്ര വനിതാദിനം ആഘോഷിച്ചു. സൺറൈസ് ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽസ് മാനേജിംഗ് ഡയറക്ടർ പർവീൺ ഹാഫിസ് മുഖ്യാതിഥിയായിരുന്നു. സ്വാഗ് ഫിറ്റ്നസ് സ്റ്റുഡിയോ സ്ഥാപകയും സിഇഒയുമായ പൂർണിമ വിശ്വനാഥൻ വിശിഷ്ടാതിഥിയായി പങ്കെടുത്തു.

ഇരുവരും ജീവിതാനുഭവങ്ങളും വിജയരഹസ്യവും പങ്ക് വച്ചു. ഐസിഎസ്ഐയുടെ എസ്ഐആർസി വൈസ് ചെയർമാൻ സി.എസ് മധുസൂദനൻ ഇ.പി, കൊച്ചി ചാപ്റ്റർ ചെയർമാൻ സി.എസ് നിഖിൽ ജോർജ് പിന്റോ , കൊച്ചി ചാപ്റ്റർ സെക്രട്ടറി സി.എസ് ജിനു മാത്തൻ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.ഐസിഎസ്ഐയുടെ അംഗങ്ങൾക്കും വിദ്യാർഥികൾക്കും ജീവനക്കാർക്കും ആശ്രിതർക്കും പ്രത്യേക ഇളവുകൾ ലഭ്യമാക്കാൻ സൺറൈസ് ഹോസ്പിറ്റൽ, സ്വാഗ് ഫിറ്റ്നസ് എന്നിവയുമായി ഐസിഎസ്ഐ ധാരണാപത്രം ഒപ്പിട്ടു. സിഎസ് റീബ വർഗീസ്, സിഎംഎ പുഷ്പി മുരിക്കൻ എന്നിവർ സ്റ്റാർട്ടപ്പുകളെ കുറിച്ച് സംസാരിച്ചു.

# കെൽട്രോണിൽ ഫീസ് ഇളവ്

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിൽ വനിതാദിനത്തോടനുബന്ധിച്ച് മാർച്ച് 8 മുതൽ ഏപ്രിൽ 8 വരെ ഡിപ്ലോമ ഇൻ മോണ്ടിസോറി ടീച്ചർ ട്രെയിനിങ് കോഴ്സിലേക്ക് എല്ലാ വനിതകൾക്കും ഫീസ് ഇളവോടെ അഡ്മിഷൻ എടുക്കാം. അടുത്തുള്ള പഠന കേന്ദ്രത്തിനായി മുൻകൂട്ടി രജിസ്റ്റർ ചെയ്യാം. ബന്ധപ്പെടേണ്ട നമ്പർ : 9072592412/ 9072592416




# മലയാളി എഐ സ്റ്റാർട്ടപ്പ് ക്ലൂഡോട്ട് ഒരു കോടി സമാഹരിച്ചു

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനു കീഴിൽ പ്രവർത്തിക്കുന്ന എ.ഐ സ്റ്റാർട്ടപ്പായ ക്ലൂഡോട്ട് പ്രമുഖ വെഞ്ചർ ക്യാപിറ്റലിസ്റ്ററായ 'ഉപ്പേക്ക' യിൽ നിന്ന് ഒരു കോടി രൂപയുടെ മൂലധന ഫണ്ടിങ് നേടി.നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ വിവിധ ഓൺലൈൻ ചാറ്റ്, റിവ്യൂ പ്ലാറ്റ്ഫോമുകൾ ഏകീകരിക്കാനും പൂർണ്ണമായി ഓട്ടോമേറ്റ് ചെയ്യാനും സഹായിക്കുന്ന സോഫ്റ്റ്വെയർ ആസ് എ സർവീസ് (സാസ്) പ്ലാറ്റ്ഫോമാണ് ക്ലൂഡോട്ട്.

എഞ്ചിനീയറിംഗ് ബിരുദധാരികളായ ആദിൽ മുന്ന, ഫഹിബിൻ ബക്കർ, ഹാരിസ് സുലൈമാൻ, സക്കീർ എന്നിവരാണ് 2019 ൽ കൊച്ചി ആസ്ഥാനമായി പ്രവർത്തനമാരംഭിച്ച 'ക്ലൂഡോട്ട്' നു പിന്നിൽ.ഉപഭോക്താക്കളുമായുള്ള ആശയ വിനിമയം ലളിതവും വേഗതയുള്ളതും കൂടുതൽ കാര്യക്ഷമവുമാക്കാൻ ഇതിലൂടെ സാധിക്കും. ഇന്ത്യയിലുടനീളമുള്ള നിരവധി മുൻനിര സ്ഥാപനങ്ങൾ നിലവിൽ ക്ലൂഡോട്ട് പ്ലാറ്റ്ഫോം ഉപയോഗിക്കുന്നുണ്ട്.

പുതുതായി നേടിയ ഫണ്ടിംഗ് ഉപയോഗിച്ച് മിഡിൽ ഈസ്റ്റ് അമേരിക്കൻ വിപണി ഉറപ്പാക്കാനാണ് ക്ലൂഡോട്ടിൻറെ പദ്ധതി.

## കെ.എച്ച്.ആർ.എ.യുടെ ശുചിത്വ പരിശോധന സ്‌ക്വാഡിന്റെ പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** ജില്ലയിലെ ഹോട്ടലുകളിലേയും, റസ്റ്റോറന്റുകളിലേയും ശുചിത്വം ഉറപ്പുവരുത്തുവാനും എന്തെങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി പരിഹരിക്കുവാൻ ഉടമയ്ക്ക് നിർദ്ദേശം നൽകുവാനുമായി കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാകമ്മിറ്റി രൂപീകരിച്ച ഹൈജീൻ മോണിറ്ററിംഗ് സ്‌ക്വാഡിന്റെ പ്രവർത്തനം ആരംഭിച്ചു. ശിവരാത്രി ആഘോഷത്തോടനുബന്ധിച്ച് കൂടുതൽ ഭക്തജനങ്ങളെത്തുന്ന ആലുവയിലെ ഹോട്ടലുകളിലും, റസ്റ്റോറന്റുകളിലുമാണ് അസോസിയേഷന്റെ ശുചിത്വപരിശോധന സ്‌ക്വാഡ് ആദ്യഘട്ടപരിശോധനകൾ നടത്തിയത്. സ്‌ക്വാഡിന്റെ പ്രവർത്തനോദ്ഘാടനം കെ.എച്ച്.ആർ.എ. ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരൻ നിർവഹിച്ചു. സ്‌ക്വാഡംഗങ്ങൾക്ക് ജില്ലാഭക്ഷ്യസുരക്ഷാവകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയിരുന്നു. സ്‌ക്വാഡിന്റെ പ്രവർത്തനം ജില്ലയിലുടനീളം വ്യാപിപ്പിക്കുമെന്നും, എറണാകുളം ജില്ലയിലെ ഹോട്ടലുകളിൽ പൂർണ്ണ ശുചിത്വവും ഗുണമേന്മയും ഉറപ്പുവരുത്തുകയാണ് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാകമ്മിറ്റി ലക്ഷ്യമിടുന്നതെന്നും ജില്ലാപ്രസിഡന്റ് ടി. ജെ. മനോഹരനും, ജില്ലാസെക്രട്ടറി കെ. ടി. റഹിമും അറിയിച്ചു. പരിശോധനയ്ക്ക് ജില്ലാ ട്രഷറർ സി. കെ. അനിൽ, ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. പാർത്ഥസാരഥി, ഹൈജീൻ മോണിറ്ററിംഗ് സ്‌ക്വാഡ് ചെയർമാൻ കെ. പി. നാദിർഷ, അംഗങ്ങളായ സി. എ. സാദിഖ്, അബ്ദു, യൂനസ് അലി, റൗഫ്, എൽ. മനോജ്, കെ. കെ. അശോകൻ, അംബ്രോസ് മാത്യു, പി. കെ. സഹീർ, ആലുവ യൂണിറ്റ് പ്രസിഡന്റ് ഫക്രുദീൻ, സെക്രട്ടറി അബ്ദുൾ ഖാദർ എന്നിവർ നേതൃത്വം നൽകി.

## ഡാർക്ക് സീരിസ് എസ്.യു.വികളുമായി ടാറ്റ മോട്ടോഴ്‌സ്

കൊച്ചി: ഇന്ത്യയിലെ പ്രമുഖ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്‌സ് പുതിയ എസ്.യു.വികളുടെ ഡാർക്ക് എഡിഷൻ പതിപ്പ് പുറത്തിറക്കി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന എസ്.യു.വിയായ നെക്‌സണിന്റെ ഇലക്ട്രിക് പതിപ്പും ഇന്റേണൽ കമ്പഷൻ എൻജിൻ പതിപ്പും ഡാർക്ക് സീരീസിൽ ലഭ്യമാകും. ഇതിനൊപ്പം തന്നെ പ്രീമിയം എസ്.യു.വികളായ പുതിയ സഫാരിയുടെയും പുതിയ ഹാരിയറിന്റെയും ഡാർക്ക് എഡിഷൻ പുറത്തിറക്കിയിട്ടുണ്ട്.

പുതിയ നെക്‌സൺ 11.45 ലക്ഷം രൂപ മുതൽ വിപണിയിൽ ലഭ്യമാണ്. ഡാർക്ക് എഡിഷൻ പതിപ്പുകൾക്ക് വൻ സ്വീകാര്യതയാണ് ലഭിക്കുന്നത്. വിപണിയിലെ പുതിയ ട്രെൻഡായിട്ടാണ് ഈ ഡാർക്ക് എഡിഷൻ പതിപ്പുകൾ വിശേഷിപ്പിക്കപ്പെടുന്നത്. ആഡംബരത്തിന്റെയും മികവിന്റെയും അടയാളമായും ഡാർക്ക് സീരീസിനെ അടയാളപ്പെടുത്താമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

## പുതിയ ഫണ്ടുമായി ബന്ധൻ മുച്ചാൽ ഫണ്ട്

**കൊച്ചി:** ബന്ധൻ മുചൽ ഫണ്ട് നിക്ഷേപകർക്ക് ദീർഘകാല നേട്ടം വാഗ്ദാനം ചെയ്യുന്ന പുതിയ ലോംഗ് ഡ്യൂറേഷൻ ഫണ്ട് അവതരിപ്പിച്ചു. ഏഴു വർഷത്തിനു മുകളിൽ കാലാവധിയുള്ള പേ‍ാർട്ട്ഫോളിയോകളിലായിരിക്കും ഈ ദീർഘ കാല ഡെറ്റ് സ്കീം പ്രകാരമുള്ള ഫണ്ട് നിക്ഷേപം. ഉയർന്ന റേറ്റുള്ള കോർപറേറ്റ്, സർക്കാർ ബോണ്ടുകളിലായിരിക്കും ഈ നിക്ഷേപം. മാർച്ച് 18 വരെ ഈ ഫണ്ടി നിക്ഷേപിക്കാൻ അവസരമുണ്ട്. അംഗീകൃത മുചൽ ഫണ്ട് വിതരണക്കാർ മുഖേനയോ, ഇൻവെസ്റ്റ്മെന്റ് അഡ്വൈസർമാർ, ബന്ധൻ മുചൽ ഫണ്ടിന്റെ വെബ്സൈറ്റ് ഉൾപ്പെടെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകൾ മുഖേനയോ ഈ ഫണ്ടിൽ നിക്ഷേപിക്കാം.

## പോപ്പുലർ വെഹിക്കിൾസ് ആൻഡ് സർവീസസ് ലിമിറ്റഡ് ഐപിഒ 12 മുതൽ

**കൊച്ചി:** കൊച്ചി ആസ്ഥാനമായുള്ള പോപ്പുലർ വെഹിക്കിൾസ് ആൻഡ് സർവീസസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) മാർച്ച് 12 മുതൽ 14 വരെ നടക്കും. 250 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 11,917,075 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 280 രൂപ മുതൽ 295 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്.

കുറഞ്ഞത് 50 ഓഹരികൾക്കും തുടർന്ന് 50 ന്റെ ?ഗുണിതങ്ങൾക്കും അപേക്ഷിക്കാം. അർഹരായ ജീവനക്കാർക്കായി നീക്കിവെച്ചിരിക്കുന്ന ഓഹരികൾക്ക് ഒന്നിന് 28 രൂപ വീതം ഡിസ്കൗണ്ട് ലഭിക്കും. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ് സെൻട്രം ക്യാപിറ്റൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.



# രണ്ടര വർഷത്തിനിടെ നൽകിയത് ഒന്നര ലക്ഷം പട്ടയങ്ങളെന്ന് മന്ത്രി കെ. രാജൻ

**കൊച്ചി:** രണ്ടര വർഷത്തിനിടെ സംസ്ഥാന സർക്കാർ ഒന്നരലക്ഷം പട്ടയങ്ങൾ നൽകിയെന്ന് റവന്യൂ, ഭവന നിർമാണ വകുപ്പ് മന്ത്രി കെ. രാജൻ പറഞ്ഞു. ഇത് വളരെ അഭിമാനകരമായ നേട്ടമാണ്. കൈവശക്കാർക്ക് ഭൂമി നൽകാൻ വലിയ തോതിൽ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. കോട്ടുവള്ളി സ്മാർട്ട് വില്ലേജ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

തണ്ടപ്പേര് പോലും അവകാശപ്പെടാൻ ഇല്ലാത്ത കേരളത്തിലെ സാധാരണക്കാർക്ക് ഭൂമി നൽകുക എന്നതാണ് സർക്കാർ ലക്ഷ്യം. എല്ലാ ഭൂമിക്കും രേഖയുണ്ടാക്കുക എന്നത് ശ്രമകരമായ ദൗത്യമാണ്. എങ്കിലും നാലുവർഷത്തിനകം എല്ലാവർക്കും രേഖയുണ്ടാക്കാനായി റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഡിജിറ്റൽ റീസർവ്വെ പദ്ധതിക്ക് തുടക്കം കുറിച്ചു. ഇത്തരം പ്രവർത്തനങ്ങൾക്ക് വില്ലേജ് ഓഫീസുകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരളത്തിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്നതെന്നും മന്ത്രി പറഞ്ഞു.

'എല്ലാവർക്കും ഭൂമി,എല്ലാവർക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന സർക്കാരിന്റെ പ്രതിജ്ഞാ വാചകം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കുന്ന സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി 44 ലക്ഷം രൂപയിലാണ് കോട്ടുവള്ളി സ്മാർട്ട് വില്ലേജ് നിർമ്മിച്ചത്. ഭിന്നശേഷിക്കാർക്ക് എളുപ്പത്തിൽ പ്രവേശിക്കാനായി ഇവിടെ റാമ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വില്ലേജ് ഓഫീസറുടെ മുറി, ഫയൽ റൂം, ജീവനക്കാരുടെ മുറി, ശുചിമുറി എന്നിങ്ങനെ എല്ലാ സൗകര്യങ്ങളോടും കൂടിയാണ് പുതിയ വില്ലേജ് ഓഫീസ് നിർമ്മിച്ചിരിക്കുന്നത്.

പുതിയ സ്മാർട്ട് വില്ലേജ് ഓഫീസിന് സമീപം സംഘടിപ്പിച്ച ചടങ്ങിൽ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് വില്ലേജ് ഓഫീസ് ഉദ്ഘാടനം ചെയ്തു. കോട്ടുവള്ളി പഞ്ചായത്ത് പ്രസിഡന്റ് കെ.എസ് ഷാജി അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അനീഷ വിജു, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുനിത ബാലൻ, വാർഡ് മെമ്പർമാരായ സിന്ധു നാരായണൻകുട്ടി, വി.എച്ച് ജമാൽ, വില്ലേജ് ഓഫീസർ ജി. മഹേഷ്, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



വടവുകോട് ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതി ഉൾപ്പെടുത്തി ഗവൺമെന്റ് എൽ.പി. സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം പ്രസിഡന്റ് റസീന പരീത് നിർവ്വഹിക്കുന്നു.

## എൽ.പി. സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്തു

**കോലഞ്ചേരി:** വടവുകോട് ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതി ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ട ഗവൺമെന്റ് എൽ.പി. സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റസീന പരീത് വിതരണോദ്ഘാടനം നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് അനു അച്ചു അധ്യക്ഷത വഹിച്ചു. ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംങ് കമ്മിറ്റി ചെയർമാൻ റ്റി.ആർ. വിശ്വപ്പൻ, ബെന്നി പുത്തൻവീടൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ സി.ആർ. പ്രകാശൻ, റ്റി.പി. വർഗ്ഗീസ്, സോണിയ മുരുകേശൻ, ബ്ലോക്ക് സ്ഥിരം സമിതി അധ്യക്ഷ രാജമ്മ രാജൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ബേബി വർഗ്ഗീസ്, ഓമന നന്ദകുമാർ, പി.പി.ജോണി, ഷൈജ റെജി, പി.എസ്. രാഖി, കെ.സി. ജയചന്ദ്രൻ, സ്വാതി രമ്യദേവ് എന്നിവർ പ്രസംഗിച്ചു.

## വാർഷിക സമ്മേളനവും പൂർവ വിദ്യാർഥി സംഗമവും

**കോലഞ്ചേരി:** സെന്റ് പീറ്റേഴ്സ് കോളജ് അലുമ്നി ആൻഡ് സൂപ്പർ ആന്വേറ്റഡ് സ്റ്റാഫ് അസ്സോസിയേഷന്റെ വാർഷിക സമ്മേളനം 10 ന് കോളജ് ഗോൾഡൺ ജൂബിലി ഹാളിൽ നടക്കും. ഉച്ചകഴിഞ്ഞ് 1.30ന് രജിസ്ട്രേഷൻ ആരംഭിക്കും. തുടർന്ന് നടക്കുന്ന പൊതുസമ്മേളനം കോളജിലെ പൂർവ്വ വിദ്യാർഥിയും, പഴഞ്ഞി മാർ ഡയനീഷ്യസ് കോളജ് ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റ് തലവനുമായ ക്യാപ്റ്റൻ പ്രൊഫ. ഡോ. പി.എം. റെജിമോൻ ഉദ്ഘാടനം ചെയ്യും. സതീർത്ഥ്യ സഹായനിധിയിൽ നിന്നുള്ള ധനസഹായം യോഗത്തിൽ വിതരണം ചെയ്യും. 80 വയസ്സ് പൂർത്തിയായ അധ്യാപകരായ പ്രൊഫസർ എം.ജെ. രാജൻ, പ്രൊഫ. കെ.വി. ബേബി, എം.എ. ജോൺ എന്നിവരെ ചടങ്ങിൽ ആദരിക്കും. ഉപരാഷ്ട്രപതി 8ന് തിരുവനന്തപുരത്ത്

## ഉപരാഷ്ട്രപതി ഇന്ന് തിരുവനന്തപുരത്തെത്തും

**കോവളം:** കെ. ടി. ഡി. സി സമുദ്രയിൽ നടക്കുന്ന രാജാങ്ക പുരസ്കാര വിതരണ ചടങ്ങിൽ മുഖ്യാതിഥിയായാണ് ഉപരാഷ്ട്രപതി എത്തുന്നത്. ഉച്ചയ്ക്ക് 2.10ന് ശംഖുമുഖം എയർപോർട്ട് ടെക്നിക്കൽ ഏര്യയിൽ എത്തുന്ന ഉപരാഷ്ട്രപതി 2.30ന് കെ. ഡി. ഡി. ഡി സമുദ്രയിൽ എത്തും.

# ഒരു കട്ടിൽ ഒരു മുറി ഒരുങ്ങുന്നു




ഹക്കിം ഷാ, പ്രിയംവദ കൃഷ്ണൻ, പൂർണിമ ഇന്ദ്രജിത്ത് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി കിസ്മത്ത്, തൊട്ടപ്പൻ എന്നീ സിനിമകൾക്ക് ശേഷം ഷാനവാസ് കെ ബാവക്കുട്ടി സംവിധാനം ചെയ്യുന്ന ഒരു കട്ടിൽ ഒരു മുറി പ്രദർശനത്തിന് ഒരുങ്ങുന്നു.ഷമ്മി തിലകൻ, വിജയരാഘവൻ , ജാഫർ ഇടുക്കി, രഘുനാഥ് പലേരി , ജനാർദ്ദനൻ, ഗണപതി, സ്വാതിദാസ് പ്രഭു,പ്രശാന്ത് മുരളി , മനോഹരി ജോയ്, തുഷാര പിള്ള, വിജയകുമാർ പ്രഭാകരൻ, ഹരിശങ്കർ, രാജീവ് വി തോമസ്, ജിബിൻ ഗോപിനാഥ്, ഉണ്ണിരാജ, ദേവരാജൻ കോഴിക്കോട് തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.സപ്ത തരംഗ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്,വിക്രമാദിത്യൻ ഫിലിംസ് എന്നീ ബാനറുകളിൽ സപ്ത തരംഗ് ക്രിയേഷൻസ് സമീർ ചെമ്പയിൽ,രഘുനാഥ് പാലേരി എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം എൽദോ ജോർജ്ജ്നിർവഹിക്കുന്നു.രഘുനാഥ് പാലേരി തിരക്കഥ സംഭാഷണമെഴുതുന്നു.രഘുനാഥ് പലേരി, അൻവർ അലി എന്നിവർ എഴുതിയ വരികൾക്ക് അങ്കിത് മേനോൻ,വർക്കി എന്നിവർ സംഗീതം പകരുന്നു. രവി ജി,നാരായണി ഗോപൻ എന്നിവരാണ് ഗായകർ.പശ്ചാത്തല സംഗീതം വർക്കി.എഡിറ്റിങ് മനോജ് സി എസ്,പ്രൊഡക്ഷൻ കൺട്രോളർഏൽദോ സെൽവരാജ്,കലാസംവിധാനം അരുൺ ജോസ്, മേക്കപ്പ്അമൽ കുമാർ,കോസ്റ്റ്യൂം ഡിസൈൻ നിസ്സാർ റഹ്മത്ത്,സൗണ്ട് ഡിസൈൻ രംഗനാഥ് രവി, മിക്സിങ്വിപിൻ. വി. നായർ,കാസ്റ്റിംഗ് ഡയറക്ടർബിനോയ് നമ്പാല,സ്റ്റിൽസ്ഷാജി നാഥൻ,സ്റ്റണ്ട്കെവിൻ കുമാർ,പോസ്റ്റ് പ്രൊഡക്ഷൻ കോർഡിനേറ്റർ അരുൺ ഉടുമ്പൻചോല, അഞ്ജു പീറ്റർ,ഡിഐ ലിജു പ്രഭാകർ,വിഷൽ എഫക്ട്റിഡ്ജ് വിഎഫ്എക്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർഉണ്ണി സി, എ.കെ രജിലേഷ്,ഡിസൈൻസ് തോട്ട് സ്റ്റേഷൻ,പി ആർ ഒ എ എസ് ദിനേശ്.

# ശ്രീ മുത്തപ്പൻ




മണിക്കുട്ടൻ, മധുപാൽ, ജോയ് മാത്യു, ബാബു അന്നൂർ, ഷെഫ് നളൻ, അനീഷ് പിള്ള, മുൻഷി രഞ്ജിത്, മീര നായർ, അല എസ്. നയന എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ചന്ദ്രൻ നരിക്കോട് സംവിധാനം ചെയ്യുന്ന ശ്രീ മുത്തപ്പൻ എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി. പ്രതിഥി ഹൗസ് ക്രിയേഷൻസിന്റെ ബാനറിൽ അനീഷ് പിള്ള നിർമ്മിക്കുന്ന ഈ ചിത്രത്തിലൂടെ പരിചയപ്പെടുത്തുന്ന ബാലതാരമാണ് പൃഥ്വി രാജീവൻ. ഒപ്പം നിരവധി പുതുമുഖങ്ങളും അഭിനയിക്കുന്നു.ആദ്യമായിട്ടാണ്ശ്രീ മുത്തപ്പൻ ചരിതം അഭ്രപാളികളിൽ എത്തുന്നത്. പൗരാണിക കാലം മുതലേ ഉത്തര മലബാറിൽ ജാതീയമായും തൊഴിൽപരമായും അടിച്ചമർത്തപ്പെട്ടിരുന്ന കീഴാളജനതയുടെ പോരാട്ട നായകനും, കൺകണ്ട ദൈവവുമായ ശ്രീമുത്തപ്പന്റെ പുരാവൃത്തമാണ് ഈ സിനിമ. പ്രകൃതിയേയും മനുഷ്യനേയും പൊന്നു പോലെ സ്നേഹിച്ച ഉത്തരമലബാറിന്റെ സ്വന്തം ദൈവസങ്കല്പമാണ് ഈ ചിത്രത്തിലൂടെ ഉരുത്തിരിയുന്നത്.കുന്നത്തൂർ, പറശ്ശിനിക്കടവ് തുടങ്ങി കണ്ണൂരിന്റെ വിവിധ ഭാഗങ്ങളിലായിട്ടാണ് സിനിമയുടെ ചിത്രീകരണം പൂർത്തിയായത്.

തിരക്കഥബിജു കെ ചുഴലി,ചന്ദ്രൻ നരിക്കോട്,ഛായാഗ്രഹണം റെജി ജോസഫ്,എഡിറ്റിങ് രാജേഷ് ടി വി,സംഗീതംരമേഷ് നാരായൺ,ഗാനരചനമുയ്യം രാജൻ,ആർട്ട്മധു വെള്ളാവ്,മേക്കപ്പ്വിജേഷ്,പിയൂഷ് പുരുഷു,പ്രൊഡക്ഷൻ എക്സ്ക്യൂട്ടിവ് വിനോദ് കുമാർ കയ്യം,ചമയംബാലചന്ദ്രൻ പുതുക്കുടി,കോറിയോഗ്രാഫി സന്തോഷ് കരിപ്പാൽ,സ്റ്റിൽസ്വിനോദ് പ്ലാത്തോട്ടം,രാജേഷ് കാഞ്ഞിരങ്ങാട്,പരസ്യകലഎംപീസ്വിതരണംകാമധേനു.ആശയംപി പി ബാലകൃഷ്ണൻ പെരുവണ്ണാൻ,പി ആർ ഒഎ എസ് ദിനേശ്




# ഒരു ജാതി ജാതകം

വിനീത് ശ്രീനിവാസൻ,നിഖില വിമൽ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിഎം മോഹനൻ സംവിധാനം ചെയ്യുന്ന 'ഒരു ജാതി ജാതകം ' എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടീസർ റിലീസായി.

ബാബു ആന്റണി,പി പി കുഞ്ഞികൃഷ്ണൻ, മൃദുൽ നായർ,ഇഷാ തൽവാർ വിധു പ്രതാപ്,സയനോര ഫിലിപ്പ്,കയാദു ലോഹർ,രഞ്ജി കങ്കോൽ,അമൽ താഹ,ഇന്ദു തമ്പി,രഞ്ജിത മധു,ചിപ്പി ദേവസ്യ,വർഷ രമേശ്,പൂജ മോഹൻരാജ്,ഹരിത പറക്കോട്,ഷോൺ റോമി,ശരത്ത് ശഭ,നിർമ്മൽ പാലാഴി, വിജയകൃഷ്ണൻ, ഐശ്വര്യ മിഥുൻ കൊറോത്ത്,അനുശ്രീ അജിതൻ, അരവിന്ദ് രഘു, തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.വർണച്ചിത്രയുടെബാനറിൽ മഹാസുബൈർനിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം വിശ്വജിത് ഒടുക്കത്തിൽ നിർവ്വഹിക്കുന്നു.

രാകേഷ് മണ്ടോടി തിരക്കഥ സംഭാഷണം എഴുതുന്നു എഡിറ്റർ രഞ്ജൻ എബ്രഹാം,ഗാനരചന,മനു മഞ്ജിത്ത്,സംഗീതം ബാലസുബ്രമണ്യം, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ സൈനുദ്ദീൻ, കല ജോസഫ് നെല്ലിക്കൽ,മേക്കപ്പ് ഷാജി പുൽപള്ളി,വസ്ത്രാലങ്കാരം റാഫി കണ്ണാടിപ്പറമ്പ്.കോ റൈറ്റർ സരേഷ് മലയൻകണ്ടി,പ്രൊഡക്ഷൻ കൺട്രോളർ ഷമീജ് കൊയിലാണ്ടി,ക്രിയേറ്റീവ് ഡയറക്ടർമനു സെബാസ്റ്റ്യൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർഅനിൽ എബ്രാഹം, ഫിനാൻസ് കൺട്രോളർഉദയൻ കപ്രശ്ശേരി,കാസ്റ്റിംഗ് ഡയറക്ടർ പ്രശാന്ത് പാട്യം, അസോസിയേറ്റ് ഡയറക്ടർജയപ്രകാശ് തവനൂർ,ഷമീം അഹമ്മദ്, അസിസ്റ്റന്റ് ഡയറക്ടർറോഷൻ പാറക്കാട്,നിർമ്മൽ വർഗ്ഗീസ്,സമർ സിറാജുദിൻ,കളറിസ്റ്റ്ലിജു പ്രഭാകർ,സൗണ്ട് ഡിസൈൻസച്ചിൻ സുധാകരൻ,സൗണ്ട് മിക്സിംഗ്വിപിൻ നായർ,വിഎഫ്എക്സ്സർജാസ് മുഹമ്മദ്, കൊറിയോഗ്രാഫർഅർച്ചന മാസ്റ്റർ,ആക്ഷൻപിസി സ്റ്റണ്ട്സ്,സ്റ്റിൽസ്പ്രേംലാൽ പട്ടാഴി, പരസ്യക്കലയെല്ലോ ടൂത്ത്സ്,ടൈറ്റിൽ ഡിസൈൻഅരുൺ പുഷ്കരൻ,പ്രൊഡക്ഷൻ എക്സിക്യുട്ടീവ് നസീർ കൂത്തുപറമ്പ്, അബിൻ എടവനക്കാട്,മാർക്കറ്റിംഗ്, വിതരണംവർണ്ണച്ചിത്ര,പി ആർ ഒഎ എസ് ദിനേശ്.




# ഗെറ്റ് സെറ്റ് ബേബി പൂർത്തിയായി

ഉണ്ണി മുകുന്ദൻ,നിഖില വിമൽ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി വിനയ് ഗോവിന്ദ് സംവിധാനം ചെയ്യുന്ന "ഗെറ്റ് സെറ്റ് ബേബി' എന്ന ചിത്രത്തിന്റെ ചിത്രീകരണം തൊടുപുഴയിൽ പൂർത്തിയായി. സ്കന്ദാ സിനിമാസ് കിംഗ്സ്മെൻ പ്രൊഡക്ഷൻസ് സംയുക്തമായി നിർമ്മിക്കുന്ന ഈ ചിത്രത്തിൽ ചെമ്പൻ വിനോദ്,ശ്യാം മോഹൻ, ജോണി ആന്റണി, മീര വാസുദേവ്,ഭഗത് മാനുവൽ,സുരഭി ലക്ഷ്മി,മുത്തുമണി, വർഷ രമേഷ്,ജുവൽ മേരി,അഭിരാം,ഗംഗ മീര തുടങ്ങി പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.സജീവ് സോമൻ, സുനിൽ ജയിൻ, സാം ജോർജ്ജ് എന്നിവർ നിർമ്മാണ പങ്കാളികളാവുന്ന ആദ്യ സംരഭം കൂടിയാണ് ഈ ചിത്രം. ഐവിഎഫ് സ്പെഷ്യലിസ്റ്റ് ആയ ഒരു ഡോക്ടർ നേരിടുന്ന പ്രശ്നങ്ങളും അത് പരിഹരിക്കാൻ അയാൾ കണ്ടെത്തുന്ന വഴികളും രസകരമായ രീതിയിൽ പ്രതിപാദിക്കുന്ന സാമൂഹികപ്രസക്തിയുള്ള ഒരു ഫാമിലി എന്റർടെയിനർ ചിത്രമാണ് 'ഗെറ്റ് സെറ്റ് ബേബി '.

മാസ് ആക്ഷൻ ചിത്രങ്ങൾക്കൊപ്പം തന്നെ മറ്റു ചിത്രങ്ങളിലൂടെയും കുടുംബപ്രേക്ഷകരുടെ മനസിൽ പ്രത്യേക സ്ഥാനം നേടിയ മലയാളത്തിന്റെ പ്രിയപ്പെട്ട താരം ഉണ്ണി മുകുന്ദൻ തികച്ചും വ്യത്യസ്തമായ മറ്റൊരു കഥാപാത്രത്തെ അവതരിപ്പിക്കുന്നു. പ്രതീക്ഷകളോടെ ജീവിതത്തെ കാണുന്ന ശക്തമായ നായികാ കഥാപാത്രത്തെയാണ് നിഖില അവതരിപ്പിക്കുന്നത്.അലക്സ് ജെ പുളിക്കൽ ഛായാഗ്രഹണം നിർവ്വഹിക്കുന്നു. വൈ വി രാജേഷ്, അനൂപ് രവീന്ദ്രൻ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണം എഴുതുന്നു. എഡിറ്റിംഗ് മഹേഷ് നാരായണൻ, സംഗീതം സാം സിഎസ്, പ്രൊഡക്ഷൻ കൺട്രോളർപ്രണവ് മോഹൻ,പ്രൊഡക്ഷൻ ഡിസൈനർസുനിൽ കെ ജോർജ്, വസ്ത്രാലങ്കാരംസമീറാ സനീഷ്,സ്റ്റിൽസ്ബിജിത്ത് ധർമ്മടം,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്എബി ബെന്നി,രോഹിത് കിഷോർ,പ്രൊമോഷൻ കൺസൾട്ടന്റ് വിപിൻ കുമാർ. കൊച്ചിയിലും തൊടുപുഴയിലുമായി 45 ദിവസങ്ങളിലായിട്ടാണ്'ഗെറ്റ് സെറ്റ് ബേബി ' യുടെ ചിത്രീകരണം പൂർത്തിയാക്കിയത്.പി ആർ ഒഎ എസ് ദിനേശ്.

# രാംജി സ്മാരക ചിത്രരചനാമത്സരം: വിജയികളെ പ്രഖ്യാപിച്ചു

**കൊച്ചി:** എറണാകുളം പ്രസ്ക്ലബ്ബ് സംസ്ഥാന തലത്തിൽ നടത്തിയ രാംജി സ്മാരക ചിത്രരചനാമത്സര വിജയികളെ പ്രഖ്യാപിച്ചു. പ്രമുഖ ആർട്ടിസ്റ്റ് ടി.കലാധരന്റെ നേതൃത്വത്തിലുള്ള ജഡ്ജിങ് കമ്മിറ്റിയാണ് വിജയികളെ പ്രഖ്യാപിച്ചത്.

ഹൈസ്കൂൾ വിഭാഗത്തിൽ തൃശൂർ അൽ അഖ്സ പബ്ലിക് സ്കൂൾ എട്ടാം ക്ലാസ് വിദ്യാർഥിനി നിയ നർഗീസ് ഒന്നാംസ്ഥാനം നേടി. എറണാകുളം കച്ചേരിപ്പടി സെന്റ് ആന്റണീസ് എച്ച്.എസ്.എസ് എട്ടാം ക്ലാസ് വിദ്യാർഥിനി ശ്രേയ രമേശ് രണ്ടാംസ്ഥാനം നേടി. ചിന്മയ വിദ്യാലയയിലെ എട്ടാം ക്ലാസ് വിദ്യാർഥി ശിവാനി ചന്ദ്രബാബുവും പിറവം സെന്റ് പോൾസ് എച്ച്.എസ്.എസിലെ കൃഷ്ണ മൂർത്തി എസ് മൂന്നാം സ്ഥാനവും പങ്കിട്ടു. സൂര്യ കൃഷ്ണ എസ്.എസ് (ഗ്രിഗോറിയ അക്കാദമി ഇംഗ്ലീഷ് മീഡിയം സ്കൂൾ),സിഫാനിയ ഫെർണാണ്ടസ് (ചിന്മയ വിദ്യാലയ, വടുതല), കൃഷ്ണ ഹാപ്പി കടത്തനാട് (ചിന്മയ വിദ്യാലയ, കണ്ണമാലി) എന്നിവർ പ്രോത്സാഹന സമ്മാനം നേടി.

യു.പി വിഭാഗത്തിൽ സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിലെ ഗൗതം കൃഷ്ണ കെ.യു ഒന്നാംസ്ഥാനം നേടി. തൃശൂർ മുൻഷി ഭവൻസ് വിദ്യാമന്ദിറിലെ ജി.ക്രതീഷ് രണ്ടാംസ്ഥാനം നേടി. അമൻജീത്ത് എം.എസ് (കേന്ദ്രീയ വിദ്യാലയ), അദ്വൈത് അനീഷ് (ഭവൻസ് മുൻഷി വിദ്യാശ്രമം) എന്നിവർ മൂന്നാംസ്ഥാനം പങ്കിട്ടു. വൈഗ ഷാജി(ഫാത്തിമ ജി.എച്ച്.സ്), എം.ജി. ശങ്കർ കൃഷ്ണ (കടവന്ത്ര കെ.വി), അഭിരാം കെ.ആർ (ചിന്മയ വിദ്യാലയ), അഭിനവ് രതീഷ് (സെന്റ് സെബാസ്റ്റ്യൻസ് പബ്ലിക് സ്കൂൾ), പൂജ ലക്ഷ്മി എസ് (വി.എം.യു.പി ആലപ്പുറം) എന്നിവർ പ്രോത്സാഹന സമ്മാനങ്ങൾ നേടി.

എൽ.പി വിഭാഗത്തിൽ നമസ്യ രാജേഷ് (ഗവ.കെ.എം. യുപി സ്കൂൾ) ഒന്നാംസ്ഥാനം നേടി. ഋതു അജിത് (ഗ്രിഗോറിയൻ പബ്ലിക് സ്കൂൾ മരട്) രണ്ടാംസ്ഥാനവും കെ.പ്രവ്ദ (ഗവ. യു.പി മേന്മുറി) മൂന്നാംസ്ഥാനവും നേടി. അമയ് പി. ജിത്ത് (കേന്ദ്രീയ വിദ്യാലയ എൻ.എ.ഡി), ഗൗരി കൃഷ്ണ കെ.യു (സെന്റ് സെബാസ്റ്റ്യൻസ് പബ്ലിക് സ്കൂൾ ഉദയംപേരൂർ, യജുർ എസ് (എൻ.എസ്.എസ് എച്ച്.എസ്.എസ്, തൃപ്പൂണിത്തുറ), ശ്രദ്ധ സ്വനീത് (ചിന്മയ വിദ്യാലയ, കണ്ണമാലി) എന്നിവർ പ്രോത്സാഹന സമ്മാനങ്ങൾ നേടി.

കെ.ജി വിഭാഗത്തിൽ ദേവസേന സനിൽ (എം.ജി.എം പബ്ലിക് സ്കൂൾ) ഒന്നാംസ്ഥാനം നേടി. ഹൈഡൻ മാത്യു ജോസ് രാജഗിരി ക്രിസ്തു ജയന്തി), എമി സെബാസ്റ്റ്യൻ (ആർച്ച് ബിഷപ് അട്ടിപ്പേറ്റി പബ്ലിക് സ്കൂൾ) എന്നിവർ രണ്ടാം സ്ഥാനം പങ്കിട്ടു. ആൽവിൻ കൃഷ്ണ (പ്രഭാത് കിൻഡർ വേൾഡ്) മൂന്നാം സ്ഥാനം നേടി. അൻവിത ഗൗരി പി.( ഷിപ് യാർഡ് കിന്റർഗാർട്ടൻ), ഭാരത് കെ. മേനോൻ(സെന്റ് ജോർജ് കാർമൽ പബ്ലിക് സ്കൂൾ, ഇവാൻ ആന്റണി (തെരേസ സ്പൈനലി പബ്ലിക് സ്കൂൾ), ഇവാൻ പെരേര (സി.ഇ.പി സ്കൂൾ എളങ്കുന്നപ്പുഴ), ആരുത്രൻ എസ് (ആർച്ച് ബിഷപ് അട്ടിപ്പേറ്റി പബ്ലിക് സ്കൂൾ) എന്നിവർ പ്രോത്സാഹന സമ്മാനം നേടി.

സമ്മാന വിതരണം മാർച്ച് രണ്ടാം വാരം പ്രസ് ക്ലബ്ബിൽ നടക്കും.



# നാവിഗേറ്റ് 2024 സമാപിച്ചു

**കൊച്ചി:** രാജ്യത്തെ റീയൽ എസ്റ്റേറ്റ് രംഗത്തെ മുൻനിര സംഘടനയായ നാർഇന്ത്യയുടെ വാർഷിക കോൺഫറൻസായ നാവിഗേറ്റ് 2024 വിജയകരമായി പൂർത്തിയാക്കി.റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രൊഫഷണലുകൾ, രാജ്യത്തിനകത്തും പുറത്തും നിന്നുള്ള വ്യവസായ നേതാക്കൾ തുടങ്ങി 1500ൽ എറെ പ്രതിനിധികൾ പങ്കെടുത്തു . ഈ രംഗത്തെ അത്യാധുനീക സേവനങ്ങൾ, ഉൽപന്നങ്ങൾ, ഏറ്റവും മികച്ച രീതിയിലെ ബ്രാൻഡിങിനും തുടങ്ങിയവക്കും അവസരമുണ്ടായി . ബ്രോക്കർമാർ, ഡെവലപർമാർ, ഭൂവുടമകൾ, നിക്ഷേപകർ, ബാങ്കർമാർ, ഉപഭോക്താക്കൾ തുടങ്ങിയവരെല്ലാം പങ്കെടുത്തു .

# തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കളമശ്ശേരി, കോതമംഗലം കേന്ദ്രങ്ങളിൽ 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഡിസിഎ (സോഫ്റ്റ്‌വെയർ)', 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ്' കോഴ്സുകളുടെ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷ www.lbscetnre.kerala.gov.in വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കാം. എസ് സി/എസ് ടി/ഒബിസി കുട്ടികൾക്ക് നിയമാനുസൃത ഫീസാനുകുല്യം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2541520, 7025310574.

# ഐപിഎൽ 2024 : ജിയോസിനിമയുടെ പുതിയ ക്യാംപെയിനിൽ എം എസ് ധോണി

**കൊച്ചി/മുംബൈ:** 2024 ടാറ്റ ഐപിഎൽ സീസണിന് ആവേശം പകരാൻ പുതിയ ക്യാംപെയിനുമായി ജിയോസിനിമ. മൂന്ന് പരസ്യ ചിത്രങ്ങളുള്ള ക്യാംപെയിനിന്റെ ആദ്യ ചിത്രത്തിൽ എംഎസ് ധോണി ഇരട്ടവേഷത്തിലാണ് എത്തുന്നത്. ടാറ്റ ഐപിഎൽ ഡിജിറ്റലിൽ കാണുന്നതിന്റെ ആവേശമാണ് മൂന്ന് പരസ്യ ചിത്രങ്ങളും. ഇന്ത്യയിലെ ജനങ്ങൾ ഇപ്പോൾ തത്സമയ സ്പോർട്സ് കാണാൻ ഡിജിറ്റൽ ഉപയോഗിക്കുന്നത് വർധിച്ചുവരുന്നു എന്ന എന്ന ഉൾക്കാഴ്ചയിലാണ് പുതിയ ക്യാംപെയ്ൻ. ജിയോസിനിമയിൽ ടാറ്റ ഐപിഎൽ കഴിഞ്ഞ സീസണിൽ 449 മില്യൺ എന്ന റെക്കോർഡ് റീച്ച് നേടിയിരുന്നു. ടിവി, പത്രം, സോഷ്യൽ മീഡിയ ഉൾപ്പെടെ എല്ലാ മാധ്യമങ്ങളിലും ക്യാംപെയിൻ നടക്കും. 2024 മാർച്ച് 22ന് എംഎസ് ധോണിയുടെ ചെന്നൈ സൂപ്പർ കിംഗ്സും റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരും തമ്മിൽ ഏറ്റുമുട്ടുന്നതോടെ ജിയോസിനിമയിൽ ടാറ്റ ഐപിഎൽ 2024 ആരംഭിക്കും.

4കെയിൽ 12 ഭാഷകളിലായി വരുന്ന ഏറ്റവും പുതിയ സീസൺ ആദ്യമായി ഹരിയാൻവി ഭാഷയിലും സംപ്രേക്ഷണം ചെയ്യും. കാഴ്ചക്കാർക്ക് സൗജന്യമായി കാണാൻ കഴിയുന്ന ഈ സീസണിൽ ഹീറോകാം ഉൾപ്പെടെയുള്ള മൾട്ടിക്യാം ഓപ്ഷനുകളും ജീതോ ധന് ധനാ ധൻ ഉൾപ്പെടെ ഫീച്ചറുകളും ഉണ്ട്.




നാഷണൽ സേഫ്റ്റി കൗൺസിലിന്റെ ഏറ്റവും മികച്ച പ്രൊജക്റ്റുകൾക്കുള്ള അഭിനന്ദന പത്രത്തിന് കേരളത്തിലെ പ്രമുഖ ബിൽഡറായ വർമ്മ ഹോംസ് അർഹമായി. റെസിഡൻഷ്യൽ പ്രൊജക്ട് കാറ്റഗറിയിൽ ചോറ്റാനിക്കരയിലുള്ള വർമ്മ ബൊഗൈൻ ഹൈറ്റ്സ് പർപ്പിളും, ന്യൂ സിവിൽ കൺസ്ട്രക്ഷൻ പ്രൊജക്ട് കാറ്റഗറിയിൽ വാഴക്കാലയിലുള്ള വർമ്മ ഇംപീരിയലുമാണ് അവാർഡിന് അർഹമായത്. വർമ്മ ഹോംസിന് വേണ്ടി ശ്രീ. വൈശാഖ് വർമ്മ, മാനേജർ ഓപ്പറേഷൻസ്, ശ്രീമതി ആരതി വർമ്മ, മാനേജർ പ്ലാനിംഗ്, ശ്രീമതി ബിന്ദു നൈനാൻ, ജിഎം പ്രൊജക്ട്സ്, ശ്രീ. ബാബു കെ.വി, സീനിയർ മാനേജർ പ്രൊജക്ട്സ്, ശ്രീ വിപിൻ ആൻസിലി, സേഫ്റ്റി ഓഫീസർ എന്നിവർ ചേർന്ന് ശ്രീ. ബാബുരാജൻ പികെ, ചീഫ് എൻവയോൺമെന്റൽ എൻജിനീയർ, KSPCB-യുടെ പക്കൽ നിന്ന് ഏറ്റുവാങ്ങി.

